**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6650** **11-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | (എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും അനുബന്ധം 1, 2, 3, 4 ആയി ചേർത്തിരിക്കുന്നു. |
| (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | (ബി) സാമൂഹ്യനീതി വകുപ്പ് മുഖേനയുള്ള പദ്ധതികളും, പ്രവർത്തനങ്ങളും നിയോജകമണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എല്ലാ പദ്ധതികളും ജില്ലാ തലത്തിൽ നടപ്പിലാക്കുന്നവയാണ്. സാമൂഹ്യനീതി വകുപ്പും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും പ്രവർത്തനങ്ങളും എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

<u>**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും**</u>

## I. ഭിന്നശേഷി വിഭാഗം

### 1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ / പിജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

### 2. വിദ്യാകിരണം പദ്ധതി

ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ഒന്നാം ക്ലാസ്സ് മുതൽ പിജി /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിനായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

### 3. വിദ്യാജ്യോതി പദ്ധതി

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

### 4. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായ പദ്ധതി

SSLC, +2 തുല്യതാ പരീക്ഷ എഴുതുന്നതിനായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/പരീക്ഷാ ഫീസ് നൽകുന്ന പദ്ധതി.

### 5. മാതൃജ്യോതി പദ്ധതി

കാഴ്ചവൈകല്യമുള്ള മാതാവിന് പ്രസവാനന്തരം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിന് പ്രതിമാസം 2000/- രൂപ നിരക്കിൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെ ധനസഹായം നൽകുന്ന പദ്ധതി.

### 6. പരിണയം പദ്ധതി

വികലാംഗത്വംമൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുടെ പെൺമക്കളെയും /

വികലാംഗരായ പെൺകുട്ടികളെയും നിയമാനുസൃതം വിവാഹം ചെയ്തയയ്ക്കുന്നതിനുള്ള ചിലവിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി.

**7. ഭിന്നശേഷിയുള്ളവർക്ക് ചികിത്സാ ധനസഹായ പദ്ധതി**

സംസ്ഥാന സർക്കാർ വികലാംഗ ദുരിതാശ്വാസനിധിയായി കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ലഭിക്കുന്ന പലിശത്തുക ഉപയോഗിച്ച് വികലാംഗരായ വ്യക്തികൾക്ക് ഒറ്റതവണ പരമാവധി 5,000 രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതി.

**8. ശാരീരിക വെല്ലുവിളികൾ/കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന അഭിഭാഷകർക്ക് എക്സ്ഗ്രേഷ്യ, റീഡേഴ്സ് അലവൻസ് എന്നിവ നൽകുന്ന പദ്ധതി**

സാമൂഹ്യനീതി വകുപ്പ് മുഖേന കേരള സംസ്ഥാനത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന അന്ധരും അസ്ഥിതി വൈകല്യം ബാധിച്ചവരുമായ അഭിഭാഷകരുടെ വായനാസഹായിക്കുള്ള റീഡേഴ്സ് അലവൻസ് ആയി പ്രതിമാസം 4000/- രൂപയാണ് നൽകുന്ന ധനസഹായ പദ്ധതി.

**9. സ്വാശ്രയ പദ്ധതി**

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന്/രക്ഷകർത്താവിന്(സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി.

**10. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി**

ഭിന്നശേഷിയുള്ളവർക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി വീട്ടിൽ തന്നെ ഇരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**11. വിജയാമൃതം പദ്ധതി**

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി. / പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

**12. സഹചാരി പദ്ധതി**

പരസഹായം ആവശ്യമായ 40%നു മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിലും മറ്റ് കാര്യ നിർവ്വഹണങ്ങളിലും സഹായിക്കുന്ന /പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനുള്ള പദ്ധതി.

**13. പരിരക്ഷ പദ്ധതി**

അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടിവരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി. അപകടങ്ങൾ/ആക്രമണങ്ങൾ/പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയാകുന്ന അംഗപരിമിതരാണ് ഗുണഭോക്താക്കൾ.

**14. സഹായ ഉപകരണ വിതരണ പദ്ധതി**

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

**15. ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത പരിപാലന പദ്ധതി**

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി.

**16. ബാരിയർ ഫ്രീ കേരള**

സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

**17. നിരാമയ പദ്ധതി**

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി.

**18. പുനർജ്ജനി പദ്ധതി**

അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

**19. നാഷണൽ ട്രസ്റ്റ് ലീഗൽ ഗാർഡിയൻഷിപ്പ്**

ഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാണെന്ന് കരുതുന്നില്ല. ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകുന്നതിനുള്ള പദ്ധതി.

**20. അംഗപരിമിത നിയമനം**

RPwD Act 2016-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ സർവ്വീസിൽ 4% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള 2131 അംഗപരിമിതർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

**21. അംഗപരിമിതർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും**

എല്ലാ വർഷവും ഡിസംബർ 3-ന് അംഗപരിമിത ദിനമായി ആചരിച്ചു വരുന്നു . ജില്ലാതലത്തിൽ അംഗപരിമിതർക്കായി കായിക മേളയും, കലാപരിപാടികളും സംഘടിപ്പിക്കുന്നു. കൂടാതെ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ലയിൽ സംസ്ഥാനതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ടി ദിവസം അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡ് വിതരണം ചെയ്യുന്നു.

**22. സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങൾ മുഖേന, ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്ക്, ഗാർമെന്റ് മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകി വരുന്നു. ഇതോടൊപ്പം കെൽട്രോൺ നടത്തുന്ന DCA-DTP കോഴ്സുകളിലും പരിശീലനം നൽകുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു.

### 23. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ പദ്ധതി

കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകി വരുന്നത്.

### 24. വൈകല്യമുള്ളവർക്കായുള്ള സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ

ആശാഭവൻ (6 എണ്ണം)-മാനസിക രോഗ മുക്തരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവർക്കും വേണ്ടിയുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനങ്ങൾ. പ്രത്യാശാ ഭവൻ (1 എണ്ണം)-ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നു . പ്രതീക്ഷാ ഭവൻ (1 എണ്ണം)-ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സംരക്ഷിക്കുന്നു. ഹോം ഫോർ മെന്റലി ചലഞ്ച്ഡ് ചിൽഡ്രൻ (1)-ബുദ്ധിമാന്ദ്യമുള്ള 4-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം. ഭിന്നശേഷി സദനങ്ങൾ (3 എണ്ണം)-ഭിന്നശേഷിയുള്ളവരെ സംരക്ഷിക്കുന്നതിനായിട്ടുള്ള സ്ഥാപനം . സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനം. ഭിന്നശേഷിക്കാരായ കുട്ടികളുടെ സദനം (1 എണ്ണം)-ഭിന്നശേഷിയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും, ഇവർക്ക് വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവ നൽകുന്നതിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം.

### 25. അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ

ഭിന്നശേഷിക്കാർക്ക് സാർവ്വത്രിക പ്രവേശന സാധ്യത കൈവരിക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് ആക്സസബിൾഇന്ത്യ ക്യാമ്പയിൻ.

### 26. സന്നദ്ധ സംഘടനകൾ/മറ്റ് സർക്കാർ ഏജൻസികൾ മുഖേന നടത്തുന്ന പ്രത്യേക പദ്ധതികൾ

- ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/ രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നത് NIDAS പ്രോജക്റ്റ് NISH മുഖേന നടപ്പിലാക്കുന്നു.
- കമ്പ്യൂട്ടർ പരിശീലനം, കൂടാതെ തൊഴിൽ പരിശീലനം, ഒക്കുപേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് വിവിധ എൻ.ജി.ഒ.കൾക്ക് ധനസഹായം നൽകുന്നു.
- വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് IMHANS മുഖേന Mobile Mental Health Centre പ്രോജക്റ്റ് നടപ്പിലാക്കുന്നു.
- മാനസിക രോഗ ബാധിതർക്കായി കോഴിക്കോട് IMHANS മുഖേനയും മാനസിക

വെല്ലുവിളി നേരിടുന്നവർക്കായി ആദർശ് ചാരിറ്റബിൾ ട്രസ്റ്റ് എറണാകുളം, ഫെയ്ത്ത് ഇന്ത്യ പാലക്കാട് എന്നിവ മുഖേനയും ഡെ കെയർ സെന്ററുകൾ നടപ്പാക്കുന്നു.

- ബുദ്ധി വികാസ വൈകല്യം നേരിടുന്നതിനായി നേരത്തെയുള്ള ഇടപെടൽ , ചികിത്സ, പുനരധിവാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കായി കാലിക്കറ്റ് സർവ്വകലാശാല സൈക്കോളജി വിഭാഗം CDMRP എന്ന പദ്ധതി നടപ്പിലാക്കുന്നു.
- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് Corrective Surgery നടത്തുന്നതിനും അംഗപരിമിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി മറ്റ് ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി VKM ട്രസ്റ്റ് മുഖേന മൊബിലിറ്റി മിഷൻ എന്ന പദ്ധതി നടപ്പാക്കുന്നു.

**27. അതിജീവനം സമഗ്ര പദ്ധതി**

സമൂഹത്തിൽ നിരാലംബരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ഭിന്നശേഷിക്കാരെ സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് അതിജീവനം സമഗ്ര പദ്ധതി നടപ്പാക്കുന്നു.

**28. കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാർക്കായി ശ്രേഷ്ഠം പദ്ധതി**

കലാ-കായിക ഇനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ആണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**29. സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ**

സർക്കാരിന്റെ വാതിൽപ്പടി സേവനം ഭിന്നശേഷിക്കാർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും ഇവർക്ക് മാനസിക പിന്തുണയും, അവശ്യ സേവനങ്ങളും, സഹായങ്ങളും ലഭ്യമാക്കുന്നതിനുമായാണ് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ആരംഭിച്ചിരിക്കുന്നത്.

**30.** ആക്സസിബിൾ ഇന്ത്യ കാമ്പെയിൻ

തിരുവനന്തപുരം സിറ്റിയിലെ 51 പൗര കേന്ദ്രികൃത സേവനം നൽകുന്ന സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നത്തിനായി കേന്ദ്ര സർക്കാർ ഈ പദ്ധതിയിൽ ഉൾപ്പടുത്തി ധസഹായം അനുവദിച്ചിട്ടുണ്ട്. ആദ്യ ഘട്ട പ്രവർത്തനങ്ങൾക്കായി 4 .29 കോടി രൂപ അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

**II <u>സാമൂഹ്യ പ്രതിരോധം</u>**

**1. ജയിൽ തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള**

**ധനസഹായ പദ്ധതി**

ജയിൽ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

**2. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ബി.പി.എൽ കാരായ ജയിൽ തടവുകാരുടെ (സ്ത്രീ തടവുകാരുടെ മക്കളും , പുരുഷൻ ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിക്കുന്നതും മൂലം സ്ത്രീകൾ കുടുംബ നാഥകളാകുന്ന കുടുംബത്തിലെ) കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

**3. ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതി.

**4. മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി**

ദാരിദ്ര്യമായ സാമ്പത്തികസാഹചര്യങ്ങളിൽ നിന്നുള്ള മുൻകുറ്റവാളികൾ , മേൽനോട്ടത്തിനു വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ , തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ (എക്സ്പ്യൂപ്പിൾസ്) എന്നിവരുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

**5. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

അതിക്രമത്തിനിരയായി കൊല്ലപ്പെട്ടവരുടേയും, കിടപ്പിലായവരെയും/ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന പദ്ധതി.

**6. മാനാസികാരോഗ്യകേന്ദ്രത്തിൽ കഴിയുന്ന വിചാരണ തടവുകാരുടെയും കോടതി വിട്ടുതൽ ചെയ്തിട്ടും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്നവരുടെയും പുനരധിവാസ പദ്ധതി**

**7. അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.**

8. ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോം അംഗീകാരമുള്ള വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം.

9. Probation of Offenders Act 1958, Kerala Probation of Offenders Rule 1960, എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**III ട്രാൻസ്ജെൻഡർ വിഭാഗം**

**1. തിരിച്ചറിയൽ കാർഡ് വിതരണം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകി വരുന്നു

**2. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി**

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന പദ്ധതിനടപ്പിലാക്കി വരുന്നു

**3. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്**

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്ന പദ്ധതി.

**4. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി**

**സംരംഭകത്വ വികസന പരിശീലന പരിപാടി**

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തെ അതിജീവനത്തിനു പ്രാപ്തരാക്കുന്നതിനായ് നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിശീലനത്തിന പദ്ധതി

**5. എച്ച് .ഐ.വി സീറോ സർവൈലൻസ് സെന്റർ**

സംസ്ഥാനത്ത് ആകെമാനമുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. അത്തരം തൊഴിൽ ചെയ്യേണ്ടിവരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴിഎച്ച് .ഐ.വി സീറോ സർവൈലൻസ് സെന്റർ പദ്ധതി നടപ്പിലാക്കിവരുന്നു

**6. 24x7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ**

സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

**7. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം**

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർവ്യക്തികൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വീതം നൽകി വരുന്ന ധനസഹായ പദ്ധതി.

**8. SRS കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി**

എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റു അനുബന്ധ ചിലവുകൾക്കുമായി പ്രതിമാസം 3000/- രൂപ നൽകി വരുന്ന പദ്ധതി.

**9. സ്വയം തൊഴിൽ ധനസഹായം**

ട്രാൻസ്ജൻഡർ സമൂഹത്തിന് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനവദിക്കുന്ന പദ്ധതി.

**10. വനിതാവികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതി.

**11. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം**

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി .

**12. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി**

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

**13. കെയർ ഹോം/ ഷോർട് സ്റ്റേ ഹോമുകൾ**

**14. നൈപുണ്യ വികസന പരിശിലന പരിപാടി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി .

**15. വർണ്ണം- ടി.ജി വിദ്യാർത്ഥികൾക്ക് വിദൂര വിദ്യാഭ്യാസ സാമ്പത്തിക സഹായ പദ്ധതി**

ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് വിദൂര വിദ്യാഭ്യാസത്തിനായി പ്രതിവർഷം 24000/- (ഇരുപത്തി നാലായിരം)രൂപ നിരക്കിൽ പി ജി വിദ്യാർഥികൾക്ക് 2 വർഷ കാലയളവിലേയ്ക്കും യു.ജി വിദ്യാർഥികൾക്ക് 3 വർഷ കാലയളവിലേയ്ക്കും അനുവദിക്കുന്ന പദ്ധതി.

## IV വയോജന വിഭാഗം

**1. സായംപ്രഭാ ഹോം പദ്ധതി**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി.

**2. മന്ദഹാസം പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ച് കൊടുക്കുന്ന പദ്ധതി.

**3. വയോഅമൃതം പദ്ധതി**

സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതി.

**4. വയോമധുരം പദ്ധതി**

ബി.പി.എൽ വിഭാഗത്തിലെ വയോജനങ്ങൾക്കായി രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.

**5. മാതൃകാ സായംപ്രഭാ ഹോം പദ്ധതി**

വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി,കോഴിക്കോട് ജില്ലയിൽ ചെങ്ങോട്ട്കാവ് പഞ്ചായത്ത് എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ള പദ്ധതി (Multi Service Day care Centre).

**6. സെക്കൻറ് ഇന്നിംഗസ് ഹോം പ്രോജക്റ്റ്**

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 16 വൃദ്ധസദനങ്ങളെ വയോജന സൗഹൃദപരമാക്കി ആധുനിക സൗകര്യങ്ങളോടുകൂടി മെച്ചപ്പെട്ട സേവനം താമസക്കാർക്കും സ്ഥാപനത്തിൻറെ ചുറ്റളവിലെ വയോജനങ്ങൾക്കും ലഭ്യമാക്കാവുന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സെക്കൻറ് ഇന്നിംഗ്സ് ഹോം.

**7. ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയമിക്കുന്ന പദ്ധതി**

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

**8. എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലനകേന്ദ്രംഎന്നിവ**

ARDSI യുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന സെന്റർ എന്നിവ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.

**9. ദുർബല ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്ന പദ്ധതി**

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനു ശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രികളിൽ കഴിയുവാൻ നിർബന്ധിതരായ ദുർബല ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്ന പദ്ധതി

**10. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007, മുതിർന്ന പൗരൻമാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013 എന്നിവ നിലവിലുണ്ട്. പ്രസ്തുത നിയമം ഫലപ്രദമായി നടപ്പക്കുന്നതിനായി അദാലത്തുകൾ ,ബോധവത്കരണ പ്രവർത്തനം എന്നിവ നടത്തിവരുന്നു.**

V <u>മറ്റുള്ള പദ്ധതികൾ</u>

**1. മിശ്ര വിവാഹ ധനസഹായ പദ്ധതി**

പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെ മിശ്രവിവാഹം ചെയ്തത് മൂലം സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി

**2. മയക്കമരുന്ന് ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതി**

മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളുടെയും കുടുംബങ്ങളെയും വിദ്യാഭ്യാസം, കൂട്ടിച്ചേർക്കൽ, പുനരധിവാസം എന്നിവയിലൂടെ മയക്ക മരുന്ന് ഉപയോഗത്തിന്റെ പ്രതികൂല അനന്തരഫലങ്ങൾകുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മ പദ്ധതിയാണിത് . മയക്ക മരുന്നിനടിമപ്പെട്ട വ്യക്തികളെ കണ്ടെത്തുന്നതിനും , കൗൺസിലിംഗ്, പ്രചോദനം, അനന്തര സുരക്ഷ, പുനരധിവാസം എന്നിവ സാമൂഹ്യാധിഷ്ഠിതമായി നൽകി മയക്ക മരുന്നു ഉപയോഗത്തിൽനിന്നു മോചിപ്പിക്കുകയെന്നതാണ് ഉദ്ദേശ്യം. .

3/10/11

# അനുബന്ധം - 2

സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വിവിധപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. **ക്യാൻസർ സുരക്ഷാ പദ്ധതി :** 2008 നവംബർ 1 - നാണ് പദ്ധതി ആരംഭിച്ചത്. 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.
2. **താലോലം പദ്ധതി :**2010 ജനുവരി 1-നാണ് പദ്ധതി ആരംഭിച്ചത്. ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതരരോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികൾ മുഖേന നടപ്പാക്കിവരുന്നു.
3. **ആശ്വാസകിരണം പദ്ധതി :**2010 ലാണ് പദ്ധതിആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായരോഗികളെയും മാനസികശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.
4. **സ്നേഹസ്പർശം പദ്ധതി :** 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം.1000/- രൂപ ധനസഹായം അനുവദിച്ചു വന്ന പദ്ധതി ധനസഹായം സർക്കാർ ഉത്തരവ് നം സ.ഉ(സാധാ)417/2018/സാനീവ തീയതി:06/07/2018 പ്രകാരം 2000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.
5. **എൻഡോസൾഫാൻ ദുരിതബാധിതർക്ക്വേിയുള്ള പദ്ധതികൾ:**

(എ) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനു വേണ്ടി നിരവധി പദ്ധതികളും പരിപാടികളും സർക്കാർ നടപ്പാക്കിവരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർ ക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം വി വിധ തലങ്ങളിലുള്ള രോഗികൾക്ക് 1200/-, 1700/-, 2200/- എന്നീ നിരക്കിൽ നിലവിൽ 5423 പേർക്കാണ് സഹായം നൽകി വരുന്നത്.

(ബി) 'സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു.

(സി) എൻഡോസൾഫാൻ ദുരിത ബാധിതകുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000, 4000 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽശിവരുന്നു.

6. **വയോമിത്രം പദ്ധതി :**

നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. 42 നഗര പ്രദേശത്ത് നടപ്പാക്കിവന്നിരുന്ന ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തും 3 ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 95 വയോമിത്രം യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സൗജന്യ ചികിത്സക്ക് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടു കൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തിവരുന്നു.

7. **ശ്രുതിതരംഗം പദ്ധതി :**

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണ വൈകല്യമുള്ള കുട്ടികളെവളരെ ചെറുപ്പത്തിൽതന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററിവെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ.ഉ (എം.എസ്)നം.640/17/സാനീവ തീയതി: 28/09/17 ഉത്തരവ് പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് രക്ഷിതാക്കളുടെ സ്വന്തം ചിലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സുവരെയുള്ളവർക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ്ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള <u>ധ്വനി പദ്ധതി</u> ആരംഭിച്ചിട്ട്. കൂടാതെ സ.ഉ (ആർ.ടി) നം. 79/2020/സാ.നീ.വതീയതി 14.02.2020 പ്രകാരം കാക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി നൽകുന്നതിനായി മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചി ട്ടുണ്ട്.

8. **വൈകല്യ നിർണ്ണയമെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽസർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :**

സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃതരൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ Ministry of Social Justice & Empowerment ലെ Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു. 1,50,000 ഭിന്നശേഷിക്കാർക്ക് ഇതിനകം UDID കാർഡുകൾ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ തിരിച്ചറിയൽ കാർഡും നൽകി വരുന്നു.

9. **സ്നേഹപൂർവ്വം പദ്ധതി :**

മാതാപിതാക്കൾ ഇരുവരുമോ ആരെങ്കിലും ഒരാളോമരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ തലങ്ങളിലായി പ്രതി വർഷം 3000/- 5000/-, 7500/-, 10000/- നിരക്കിൽ ധനസഹായം നൽകി വരുന്നു. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉറ്റപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 70000 -ത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കു ന്നുണ്ട്. സ്നേഹപൂർവം പദ്ധതിയിലെ കൗമാരക്കാരായ കുട്ടികൾക്ക് ജില്ലാതലത്തിൽ ജീവിത നൈപുണ്യ ശില്പശാലകൾ, 10, 12 ക്ലാസ്സുകളിൽ മികച്ച വിജയം നേടുന്ന കുട്ടികൾക്ക് എക്സലൻസ് അവാർഡ് എന്നിവയും ഈ പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നുണ്ട്.

10. **സമാശ്വാസം പദ്ധതി** :

വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയരോഗികൾ, സിക്കിൾസെൽ അനീമിയരോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം1100/- രൂപയും വൃക്ക, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾരോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകിവരുന്നു.

11. **വി-കെയർ:**

കേരള സാമൂഹ്യസുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമമാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ, മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സമാഹരിക്കുന്ന തുക സമൂഹത്തിൽ പർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെ ചികിത്സ, സാമ്പത്തിക സഹായം, ജീവനോപാധി കണ്ടെത്തുവാനുള്ള സഹായം, പഠന സഹായം തുടങ്ങിയവയ്ക്കായി വിനിയോഗിക്കുന്നു.

വീകെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായരോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ്പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക്സർജറി, ഇടുപ്പ്എല്ല്/മുട്ട്മാറ്റിവയ്ക്കൽസർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾഎന്നിവ ഈ പദ്ധതി പ്രകാരം നൽകിവരുന്നു.

12. **ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസഹായ പദ്ധതി (മിഠായി)**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പുതിയ പദ്ധതിയാണ് മിഠായി. Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ

നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച സമഗ്ര പദ്ധതിയാണ് 'മിഠായി'. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ്സെന്ററുകളിൽ ഒരു എംഎസ്സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1200 കുട്ടികളിൽ 1072 പേർക്ക് insulin pen ലഭ്യമാക്കിയിട്ടുണ്ട്.

13. <u>സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്</u>

അംഗപരിമിത മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി **'അനുയാത്ര'** എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ (എസ്.ഐ.ഡി) നടപ്പാക്കി വരികയാണ്. അംഗപരിമിത മേഖലയിൽ നടപ്പാക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള **"ജീവിത ചക്ര സമീപനമാണ്"** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ച്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര പദ്ധതികൾ ആസൂത്രണം ചെയ്ത് ഘട്ടംഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. വ്യക്തിഗത അപേക്ഷകൾ സ്വീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ നിലവിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പിലാക്കുന്നില്ല.

**1. ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ**

- ➢ വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്.
- ➢ നിർമ്മാണം പൂർത്തിയായ കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകളിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്.
- ➢ വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അംഗപരിമിതരുടെ സ്ക്രീനിംഗ്, ഏർളി ഇന്റർവെൻഷൻ, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു.

➢ ഗ്രാമപ്രദേശങ്ങളിലുള്ള അംഗപരിമിതരായവർക്ക് അവരുടെ വീടിനടുത്തു വെച്ചു തന്നെ തുടർച്ചയായി തെറാപ്പികൾ നൽകുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

➢ അനുയാത്ര പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ പരിപാടികളുടെ ജില്ലാതലത്തിലെ നടത്തിപ്പും ഏകോപനവും നിരീക്ഷണത്തിനും വിലയിരുത്തുന്നതിനുമായി ജില്ലാതല കോർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നു.

➢ അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനമായി പ്രവർത്തിക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ്ഡെസ്ക് പ്രവർത്തിച്ചു വരുന്നു.

➢ അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ രിപാടികൾ, എന്നിവ നടപ്പാക്കുന്നതിനായി വിവര വിദ്യാഭ്യാസ വ്യാപന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

➢ അനുയാത്രയുടെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ജില്ലാതല ത്തിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ മട്ടന്നൂർ, മാടായി, എരിഞ്ഞോളി, താനാളൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനും ഇത്തരം കുട്ടിക ളിൽ പരമാവധി പേരെ സാധാരണ സ്കൂളുകളിൽ അയക്കുന്നതിനും വേ ണ്ട ഇടപെടലു കൾ നടത്തുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നു.

## 2. Universal Hearing Screening - 2235-02-101-69 (04)P

➢ നവജാതശിശുക്കളുടെ കേൾവി പരിശോധന കേരളത്തിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ഒ.എ ഇ സ്ക്രീനർ ഉപയോഗിച്ചുള്ള പരിശോധനയിൽ വിദഗ്ധ പരിശോധന ആവശ്യമുള്ള ശിശുക്കളെ റഫർ ചെയ്തു വരുന്നു.

## 3. Autism Spectrum Disorders - 2235-02-101-69(07) P

➢ സംസ്ഥാനത്തെ ഗവ.മെഡിക്കൽ കോളേജുകളിലും, (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി) കോഴിക്കോട് IMHANS - ലും ഓട്ടിസം സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു.

➢ ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം മലപ്പുറം ജില്ലയിൽ നടന്നുവരുന്നു.

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ പുനരധിവാസ പ്രവർത്തനങ്ങളും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾക്കും, പരിശീലനങ്ങളും നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാല ക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആന്റ്

റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ പ്രവർത്തിച്ചുവരുന്നു.

### 4. Training, Workshop and New Initiatives - 2235-02-101-69(08)P

- ശരീരത്തിലെ നട്ടെല്ലിനേയും സന്ധികളേയും ബാധിക്കുന്നതും നട്ടെല്ലിനെ ദൃഢമാക്കി ചലനശേഷിയെ ബാധിക്കുകയും ക്രമേണ വൈകല്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന രോഗമായ Ankylosing Spondylitis ബാധിച്ചവർക്കായുള്ള ചികിത്സാ പദ്ധതി ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് കുടുംബാംഗങ്ങളെ കൂടി കൂടെനിർത്തി ചികിത്സയുടെ ഭാഗമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായുള്ള കെട്ടിടനിർമ്മാണം അവസാന ഘട്ടത്തിലാണ്.
- National Institute of Physical Medicine and Rehabilitation ൽ കോവിഡ് നിയന്ത്രണം മൂലം തെറാപ്പി സൗകര്യങ്ങൾക്കായി എത്തിച്ചേരാൻ സാധിക്കാത്തവർക്കായി ഓൺലൈനിലൂടെ തെറാപ്പി ലഭ്യമാക്കുന്ന പദ്ധതി.
- സോഷ്യൽ ഫാമിംഗ്, ഹോർട്ടികൾച്ചറൽ തെറാപ്പി എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ശാക്തീകരിക്കുന്നതിനായി വെള്ളായണി കാർഷിക സർവ്വകലാശാലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഉദ്യാന പരിപാലന ചികിത്സയിലൂടെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- വൈകല്യമുള്ള കുഞ്ഞുങ്ങളുടെ മാതാപിതാക്കൾക്കായി കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്ന പദ്ധതി നാഷണൽ ഇനിസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.
- ഭിന്നശേഷിക്കാർക്കായി സഞ്ചാര സ്വാതന്ത്ര്യവും സഹായ ഉപകരണങ്ങളുടേയും ലഭ്യതയും പരിശീലനവും ഉറപ്പുവരുത്തുന്നതിനായി National Institute of Physical Medicine and Rehabilitation ൽ സെന്റർ ഫോർ മൊബിലിറ്റി ആന്റ് അസിസ്റ്റീവ് ഡിവൈസസ് ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിൽ കേൾവിക്കുറവുള്ള കുട്ടികൾക്കായി സ്പീച്ച് തെറാപ്പിയും മറ്റ് അനുബന്ധ ആധുനിക സൗകര്യങ്ങളും ഉള്ള ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

### 5. Assistance to National Institute of Physical Medicine and Rehabilitation - 2235-02-101-69(10) P

- സെറിബ്രൽ പാൾസി, ചലന വൈകല്യം എന്നിവയുള്ള കുട്ടികളുടേയും മുതിർന്നവരുടേയും ചലനങ്ങൾ വിലയിരുത്തി ആവശ്യമായ ചികിത്സ, തെറാപ്പി എന്നിവ നൽകുന്നതിലേക്ക് ഇൻസ്ട്രുമെന്റഡ് ഗൈറ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.
- ഭിന്നശേഷിക്കാർക്ക് ആവശ്യമായ വെർച്ചൽ റിഹാബിലിറ്റേഷൻ നൽകുന്നതിനുതകുന്ന കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ വിർച്ചൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി പരിശീലനം നൽകുന്ന വെർച്ചൽ റിയാലിറ്റി റിഹാബിലിറ്റേഷൻ സിസ്റ്റം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.
- ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി തടസ്സരഹിത പ്രവേശനവും സഞ്ചാരവും ഉറപ്പാക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ആംബുലൻസ് സർവ്വീസ് സേവനത്തിനായി വീൽ

ട്രാൻസ് പ്രാജക്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്.

- നാഡീ സംബന്ധമായ പ്രശ്നങ്ങൾ കാരണം ചലനശേഷിയിലും പ്രവർത്തന ക്ഷമതയിലും ബുദ്ധിമുട്ട് നേരിടുന്ന വ്യക്തികളെ ചികിത്സിക്കുന്ന ആധുനിക സംവിധാനമായ ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്

- ഭിന്നശേഷിക്കാരുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി അവരുടെ സാമൂഹ്യ ഇടപെടൽ മെച്ചപ്പെടുത്തുന്നതിനും സർഗ്ഗാത്മക ശേഷി വളർത്തുന്നതിനുമായി ആരംഭിച്ച ആർട്ട് എബിലിറ്റി സെന്ററിൽ ഒരു പോട്ടറി ആന്റ് സിറാമിക് യൂണിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആരംഭിച്ചിട്ടുണ്ട്

### 6. Programme for Prevention, early detection, Prophylaxis and Management of Disability due to Blood Related Disorders & Chronic Neurological Disorders - 2235-60-200-72(24) P

- കേന്ദ്രനാഡീവ്യവസ്ഥയെ ബാധിക്കുന്നതും നട്ടെല്ലിനും ഞരമ്പുകൾക്കും ക്ഷതം സംഭവിച്ച് ക്രമേണ വൈകല്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന രോഗമായ Multiple Sclerosis ബാധിച്ചവർക്കായുള്ള ചികിത്സാ പദ്ധതി.
- ഗെയ്റ്റ്, മോഷൻ അനാലിസിസ് എന്നിവ ഉൾപ്പെടെ ദീർഘകാല നാഡീവ്യൂഹ രോഗികളുടെ അവസ്ഥയും സേവനങ്ങളുടെ വിലയിരുത്തലിനും മാനേജ്മെന്റിനുമായുള്ള സ്റ്റേറ്റ് രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള പദ്ധതി നിപ്മർ ആസ്ഥാനമാക്കി ആരംഭിച്ചിട്ടുണ്ട്.

### 7. Assistive Solutions for Person with Disabilities among flood victims - 2235-02-101-57 P

വെള്ളപ്പൊക്കത്തിൽ സഹായ ഉകരണങ്ങൾ നഷ്ടപ്പെട്ടുപോയ ഭിന്നശേഷിക്കാർക്ക് NIPMR, വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സഹായ ഉപകരണങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

8/10/11

3/10/11

## അനുബന്ധം - 3

**സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന NIPMR നൽകുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

ഫിസിയോ തെറാപ്പി, ഓഡിയോളജി ആൻറ് സ്പീച്ച് ലാംഗ്വേജ് പത്തോളജി, ഒക്യുപ്പേഷണൽ തെറാപ്പി, പ്രോസ്തോട്ടിക് ആൻഡ് ഓർത്തോട്ടിക്, ഇൻസ്ട്രുമെൻറഡ് ഗെയ്റ്റ് ആൻറ് മോഷൻ അനാലിസിസ് ലാബിന്റെ സഹായത്തോടെയുള്ള തെറാപ്പി സംവിധാനം, വെർച്വൽ റിയാലിറ്റി ബേസ്ഡ് റിഹാബിലിറ്റേഷൻ സിസ്റ്റമിന്റെ സഹായത്തോടെയുള്ള തെറാപ്പി സംവിധാനം, അക്കാദമിക്ക് പ്രോഗ്രാമുകളായ ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി സ്പെഷ്യൽ എഡ്യുക്കേഷൻ ഡിപ്ലോമ (സെറിബ്രൽ പാൾസി) ഡിപ്ലോമ സ്പെഷ്യൽ എഡ്യുക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ്) സൈക്കോളജി ആൻറ് സോഷ്യൽ വർക്ക് സേവനങ്ങൾ ന്യൂട്രിഷൻ ആൻറ് ഡയറ്റിറ്റിക്സ് സേവനങ്ങൾ ഡെവലപ്പ്മെൻറൽ തെറാപ്പി സ്പെഷൽ ട്രാൻസിഷൻ സ്കൂൾ (സെറിബ്രൽ പാൾസി) റീജ്യണൽ ഓട്ടിസം റിഹാബ്ലിറ്റേഷൻ ആൻറ് റിസർച്ച് സെൻറർ (RARRC), വെർച്വൽ റീഹാബിലിറ്റേഷൻ അടിസ്ഥാനമാക്കിയുള്ള തെറാപ്പി സംവിധാനം, അക്വാട്ടിക് റിഹാബിലിറ്റേഷൻ യൂണിറ്റ്, സെൻസറി ഗാർഡൻ ആന്റ് സെൻസറി പാർക്ക്, ഔട്ട് റീച്ച് ക്യാമ്പുകൾക്കായി റിഹാബ് ഓൺ വീൽസ് പദ്ധതി സ്പൈനൽ കോർഡ് ഇഞ്ച്വറി റിഹാബിലിറ്റേഷൻ യൂണിറ്റ്, സെൻറർ ഫോർ മൊബിലിറ്റി ആൻറ് അസിസ്റ്റീവ് ഡിവൈസസ് (CMAT), തൊഴിൽ പരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായുള്ള വൊക്കേഷണൽ റിഹാബിലിറ്റേഷൻ, കലാപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായുള്ള ആർട്ടെബിലിറ്റി സെൻറർ എന്നീ സംവിധാനങ്ങൾ NIPMR ൽ പ്രവർത്തിക്കുന്നു.

## അനുബന്ധം – 4

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിഗം മുഖേന നൽകുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ശ്രവണ വൈകല്യമുള്ള അംഗപരിമിതർക്കായി സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ് ഉപയോഗിച്ച് നടത്തിവരുന്ന സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ് (നിഷ്). പ്രാരംഭ ഇടപെടൽ, പുനരധിവാസം, വിദ്യാഭ്യാസം, അസിസ്റ്റീവ് സാങ്കേതികവിദ്യ, വൈകല്യ പഠന-ഗവേഷണം തുടങ്ങിയവ നിഷ് നടപ്പാക്കിവരുന്നു. 1997-ൽ കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് സംസാരശേഷിയും, ഭാഷയും വികസിപ്പിയ്ക്കാൻ ഒരു ഏർലി ഇന്റർവെൻഷൻ (പ്രാരംഭ ഇടപെടൽ) പദ്ധതിയുമായി തുടങ്ങുകയും, പിന്നീട് ബധിരർക്കായുള്ള ബിരുദ കോഴ്സുകളും, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (RCI)-യുടെ അംഗീകാരത്തോടെ ഓഡിയോളജി, സ്പീച്ച് ലാംഗ്വേജ് പാത്തോളജി, എന്നീ മേഖലകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളും നടത്തുന്നു. ഇതിനു പുറമെ സ്പെഷ്യൽ എഡ്യൂക്കേഷൻ, ആംഗ്യഭാഷ തുടങ്ങിയ മേഖലകളിൽ ഡിപ്ലോമ കോഴ്സുകളും നടത്തുന്നുണ്ട്.

- **ക്ലിനിക്കൽ സേവനങ്ങൾ**
- പ്രാരംഭ ഇടപെടലിലൂടെ വൈകല്യം ബാധിച്ചവരെ പുനരധിവസിപ്പിയ്ക്കാനും വിദ്യാഭ്യാസം ചെയ്യിക്കാനും ഉള്ള ഏർളി ഇന്റർവെൻഷൻ, പ്രീ-സ്കൂൾ എന്നീ സംവിധാനങ്ങൾ നിഷിനുണ്ട്.
- അംഗപരിമിതർക്കായി പുനരധിവാസം, അസിസ്റ്റീവ് സാങ്കേതിക വിദ്യ, വൈകല്യ പഠന-വേഷണം തുടങ്ങിയവ നിഷ് നടപ്പാക്കിവരുന്നു.
- കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ADIP പദ്ധതി വഴി അർഹരായ അംഗപരിമിതർക്ക് ശ്രവണ സഹായികൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കേരള സർക്കാരിന്റെ ശ്രുതി തരംഗം പദ്ധതി വഴി കോക്ലിയർ ഇമ്പ്ലാൻറ് ചെയ്തവർക്ക് ഓഡിറ്ററി വെർബൽ തെറാപ്പി നൽകുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.
- ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക-മാനസിക വെല്ലുവിളി, പഠനവൈകല്യം തുടങ്ങി പല വൈകല്യങ്ങൾക്കുമുള്ള തെറാപ്പി ക്ലിനിക്കുകൾ നിഷിൽ പ്രവർത്തിയ്ക്കുന്നു.

- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരുടെ കഴിവ് വർധിപ്പിക്കുന്നതിനായി സ്പീച്ച്തെറാപ്പി, സൈക്കോതെറാപ്പി, ഒക്കുപേഷനൽതെറാപ്പി, ഫിസിയോതെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ എന്നീ മേഖലകളിൽ തെറാപ്പികൾ നടത്തിവരുന്നു. ആയതിലേക്കായി ഓരോ വ്യക്തികളിൽ നിന്നും ഏകദേശം 100 രൂപയോളം ഫീസിനത്തിൽ ഈടാക്കിവരുന്നു. സാമൂഹ്യ-സാമ്പത്തികമേഖലയെ അടിസ്ഥാനമാക്കി സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് സൗജന്യമായും, ഇടത്തരം സാമ്പത്തികാവസ്ഥയുള്ളവർക്ക് തുകയുടെ 50 ശതമാനം ഈടാക്കിയും തെറാപ്പി നൽകിവരുന്നു. പ്രതിമാസം ശരാശരി 120 ആളുകൾക്ക് സേവനം ലഭിക്കുന്നുണ്ട്.

- വിവിധ ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡേഴ്സ് ഉള്ള കുട്ടികൾ**ക്കായി** അത്യാധുനിക സൗകര്യങ്ങ**ളോടുകൂടി സെൻസറി പാർക്ക് സജ്ജീകരിച്ചിരിക്കുന്നു.** 'ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡേഴ്സ് - സിസിഎൻഡി' എന്ന പദ്ധതിക്ക് കീഴിലാണ് ഇത് **നടപ്പിലാക്കിയിരിക്കുന്നത്.** പൂന്തോട്ടപരിപാലനത്തിനൊപ്പം ഒരു ഇന്ദ്രിയ സംയോജിത കളിസ്ഥല ഉപകരണങ്ങളും സൗകര്യങ്ങളും ഉള്ളതാണ് ഈ സെൻസറി പാർക്ക്. ശാരീരികവും,

സാമൂഹികവും, ഇന്ദ്രിയപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിലേക്ക് നയിക്കുന്ന പ്ലേ ഉപകരണങ്ങൾ പാർക്കിൽ ഉണ്ട്. എല്ലാ പ്രായത്തിലുമുള്ള കുട്ടികൾക്കായി സെൻസറി പാർക്ക് നിരവധി പ്രവർത്തനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷന്റെ ധനസഹായത്തോടെയുള്ള SCTIMST യും നിഷും തമ്മിലുള്ള സംയുക്ത സംരംഭമാണിത്.

- അസിസ്റ്റീവ് ടെക്നോളോജിയിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ സർട്ടിഫിക്കറ്റ് പ്രോഗ്രാം കഴിഞ്ഞ രണ്ടു വർഷമായി സെൻറർ ഫോർ അസിസ്റ്റീവ് ടെക്നോളോജി ആൻഡ് ഇന്നോവേഷൻ (CATI) സംഘടിപ്പിച്ചു വരുന്നു. ഇതിനെത്തുടർന്ന് അസിസ്റ്റീവ് ടെക്നോളോജി അക്സസ്സിബിലിറ്റി കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിരിക്കുന്നു. അസിസ്റ്റീവ് ടെക്നോളജി സൗകര്യങ്ങളിലൂടെ കാഴ്ചപരിമിതിയുള്ള ഭിന്നശേഷിക്കാർക്ക് ലൈബ്രറി വിഭവങ്ങൾ ലഭ്യമാക്കുന്ന പദ്ധതി പൂർത്തിയായി.
- **അക്കാദമിക് പ്രോഗ്രാമുകൾ**

ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി ബിരുദതലത്തിൽ;

- **ബി.എസ്സ്.സി. കമ്പ്യൂട്ടർ സയൻസ് (എച്ച്.ഐ),**
- **ബി.എഫ്.എ (എച്ച്.ഐ),**
- **ബി.കോം (എച്ച്.ഐ).** കോഴ്സുകൾ നടത്തിവരുന്നു.

ഹയർ സെക്കൻഡറി പഠനം പൂർത്തിയാക്കുന്ന ശ്രവണ സംസാര വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക്

- **ഹയർ എജ്യുക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം (HEFP)** നടത്തിവരുന്നു. ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ഇന്ത്യൻ സൈൻ ലാംഗ്വേജ് എന്നീ വിഷയങ്ങളിൽ ഊർജ്ജിത പരിശീലനം നൽകി കഴിവ് മെച്ചപ്പെടുത്തുന്നതാണ് ഈ പ്രോഗ്രാം.

ശ്രവണ വൈകല്യ രംഗത്ത് പ്രൊഫഷണലുകളെ തയ്യാറാക്കുവാൻ വേണ്ടി ബിരുദ, ബിരുദാനന്തര തലങ്ങളിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരമുള്ളതും കേരള ആരോഗ്യസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തതുമായ ബിരുദകോഴ്സുകൾ –

- **ബാച്ച്ലർ ഇൻ ഒക്കുപേഷണൽ തെറാപ്പി (ബി.ഓ.ടി.)**
- **ബാച്ച്ലർ ഇൻ ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ബി.എ.എസ്.എൽ.പി.),**

ബിരുദാനന്തര ബിരുദ കോഴ്സുകൾ –

- **എം.എസ് .സി. ഓഡിയോളജി,**
- **എം.എസ് .സി സ്പീച്ച് ലാംഗ്വേജ് പാത്തോളജി** എന്നിവ നടത്തിവരുന്നു.

ഇവയ്ക്കുപുറമേ, ഡിപ്ലോമ തലത്തിലുള്ള രണ്ട് കോഴ്സുകൾ,

- **ഡിപ്ലോമ ഇൻ ഏർളി ചൈൽഡ്ഹുഡ് സ്പെഷ്യൽ എജ്യുക്കേഷൻ (എച്ച്.ഐ) (DECSE (HI));**
- **ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇൻറർപ്രെട്ടേഷൻ (DISLI**) നടത്തിവരുന്നുണ്ട്.